# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6688 | 01-11-2011-ൽ മറുപടിയ്ക്ക് |

## **കായലുകളിലെ മലിനീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ചോദ്യം : ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കായലുകളിൽ മലിനീകരണം നടക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;<br><br>(സി) കായലുകളിലെ മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കുമോ? | (ബി)- യും (സി) യും സംസ്ഥാന ജലനയം അടിസ്ഥാനമാക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന നദീതട-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനായി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ ഉൾപ്പെടെ വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളായുള്ള അതോറിറ്റി രൂപീകരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പ് വരുത്താനാകും.<br>വ്യവസായ ശാലകളും ഉത്തുംഗ കെട്ടിടങ്ങളും ആശുപത്രികളും കമേർഷ്യൽ സ്ഥാപനങ്ങളും ഹോട്ടലുകളും റിസോർട്ടുകളുമെല്ലാം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നു. ഏതു ജലാശയത്തിലും അനുവദനീയമായ പരിധിക്കുള്ളിൽ മാലിന്യ ഘടകങ്ങൾ എത്തിച്ച ശേഷം മാത്രം പാഴ്ജലം / മലിനജലം പുറന്തള്ളുവാനാണ് ബോർഡ് വ്യവസായ സ്ഥാപനങ്ങൾക്കും ഉത്തുംഗ കെട്ടിടങ്ങൾക്കും റിസോർട്ടുകൾക്കും |

| | |
|---|---|
| | ഹോട്ടലുകൾക്കും മറ്റും അനുമതി പത്രത്തിൽ നിർദ്ദേശിക്കുന്നത്. ഇതിനാവശ്യമായ ശുദ്ധീകരണ സംവിധാനങ്ങളും അവയുടെ പര്യാപ്തതയും പ്രവർത്തനവും ബോർഡ് വിലയിരുത്തുന്നു. ഇത് ഇടയ്ക്കിടെയുള്ള പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു. ഹൗസ് ബോട്ടുകൾക്ക് നേരിട്ട് ജലാശയത്തിലേക്ക് മാലിന്യം പുറന്തള്ളുവാൻ അനുമതി നൽകുന്നില്ല. കരയിലുള്ള സ്വന്തമായതോ പൊതുവായതോ ആയ മലിനജല ശുദ്ധീകരണ സംവിധാനമുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമാണ് അനുമതി നൽകുന്നത്. ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള ഓയിൽ മലിനീകരണം തടയുന്നതിനായി 4 സ്ട്രോക്ക് ഇൻബോർഡ് / ഔട്ട്ബോർഡ് എഞ്ചിൻ ഉള്ള ബോട്ടുകൾക്കേ ബോർഡിൽ നിന്നും അനുമതി നൽകുന്നുള്ളൂ. |
| | |

സെക്ഷൻ ഓഫീസർ